# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5770 — 05.07.2013 ൽ മറുപടിക്ക്

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്**

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവശ്യവസ്തുക്കളായ അരി, പയർ, വിവിധതരം കടലകൾ, പഞ്ചസാര, മുളക്, മല്ലി എന്നിവയുടെ പൊതു മാർക്കറ്റിലെ വില ഇപ്പോൾ കിലോയ്ക്ക് എത്ര രൂപയാണ്;

(ബി) അവശ്യ വസ്തുക്കളുടെ പൊതുവിപണിയിലെ വില (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചത്) ചുവടെചേർക്കുന്നു.

| ഇനം | രൂപ/കി.ഗ്രാം |
|---|---|
| അരി (മട്ട) | 38.00 |
| ചെറുപയർ പരിപ്പ് | 80.00 |
| ചെറുപയർ | 74.00 |
| കടല(ബോൾഡ്) | 55.00 |
| പീസ്ദാൾ | 40.00 |
| മസൂർദാൾ(റെഡ്) | 45.00 |
| പഞ്ചസാര | 35.00 |
| മുളക് | 85.00 |
| മല്ലി | 90.00 |

(സി) പൊതു മാർക്കറ്റിൽ വില കുതിച്ചുയരുമ്പോഴും സിവിൽ സപ്ലൈസിന്റെ മാവേലി സ്റ്റോറുകളിൽ ആവശ്യ വസ്തുക്കൾ പലതും ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാവേലി സ്റ്റോറുകളിൽ അവശ്യ വസ്തുക്കൾ യഥേഷ്ടം വിതരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) & (ഡി) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും ഭക്ഷ്യധാന്യങ്ങൾ, അരി, പഞ്ചസാര ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങളും ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. ഔട്ട്ലെറ്റുകളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് അനുസരിച്ചാണ് ഡിപ്പോകളിൽ നിന്നും വിൽപ്പനശാലകളിലേക്ക് സ്റ്റോക്ക് എത്തിച്ച് നൽകുന്നത്. എന്നാൽ ചില അവസരങ്ങളിൽ അപ്രതീക്ഷിതവും ക്രമാതീതവുമായ വിൽപ്പനയുണ്ടാകുന്ന സാഹചര്യത്തിൽ എത്തിച്ചു കൊടുക്കുന്ന സ്റ്റോക്ക് അപര്യാപ്തമാവുകയും അങ്ങനെ വിൽപ്പനശാലകളിൽ അവയുടെ ദൗർലഭ്യം ഉണ്ടാകുകയും ചെയ്യാറുണ്ട്.

ഇത് സംഭവിക്കാതിരിക്കാൻ മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഈ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് സ്റ്റോക്ക് എത്തിച്ചു കൊടുക്കാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ